പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2202 | 06/10/2016 - ൽ മറുപടിയ്ക്ക്

**അദ്ധ്യാപകരെ സ്പാർക്കിൽ ഉൾപ്പെടുത്തുന്നത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | പ്രൊഫ. സി . രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2011 മുതൽ അംഗീകാരം ലഭിച്ച എയ്ഡഡ് മേഖലയിലെ 3500 ൽപരം അദ്ധ്യാപകർക്ക് 'സ്പാർക്കിൽ'ൽ ഉൾപ്പെടുത്താത്തത് മൂലം ശമ്പളകുടിശ്ശിക ലഭിക്കുന്നില്ലെന്ന കാര്യം ചൂണ്ടിക്കാട്ടി ലഭിച്ച നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) 2011 മുതൽ അംഗീകാരം ലഭിച്ച എയ്ഡഡ് മേഖലയിലെ 3500-ൽ പരം അദ്ധ്യാപകർക്കുള്ള ശമ്പള കുടിശ്ശിക കാര്യക്രമം ചെയ്ത് പി.എഫിൽ ലയിപ്പിക്കാനുള്ള മാർഗം സ്പാർക്കിൽ ലഭ്യമല്ല. എന്നിരുന്നാലും, മാനുവൽ പ്രോസസ് വഴി അതാത് ഡി.ഡി.ഒ യ്ക്ക് തന്നെ പി.എഫിൽ ലയിപ്പിക്കേണ്ട മാർഗ്ഗം സ്പാർക്ക് സൈറ്റ് ആയ www.spark.gov.in-വിൽ FAQ(Frequently Asked Question)-ൽ നൽകിയിട്ടുണ്ട്. |
| (ബി) വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ നിയമനാംഗീകാരം ലഭിച്ച പ്രസ്തുത അദ്ധ്യാപകർ ഇപ്പോഴും പഴയ നിരക്കിലാണ് ശമ്പളം വാങ്ങുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും ബാധകമല്ല |
| (സി) 'സ്പാർക്കിൽ' ഇതിനുള്ള സംവിധാനം അടിയന്തരമായി ഏർപ്പെടുത്തി ശമ്പളകുടിശ്ശിക പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ശമ്പളം പുതിയ നിരക്കിൽ വിതരണം ചെയ്യുവാനും നടപടി സ്വീകരിക്കുമോ? | |

Sreedevi

സെക്ഷൻ ഓഫീസർ